മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) ഹോംഗാർഡുദിനത്തോടനുബന്ധിച്ചു നടത്തിയ പ്രകടനത്തിൽ ഒരാൾക്കു് ജീവാപായം സംഭവിച്ചിട്ടുണ്ടു്.

(സി, ഡി ആൻഡ് ഇ) അന്വേഷണം നടത്തി ; അന്വേഷണ റിപ്പോർട്ടു ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

മി. സ്പീക്കർ : 16–ാമത്തെ ചോദ്യത്തിനുകൂടി ഉത്തരം പറയാം.

ഹോംഗാർഡ് ദിനാചരണത്തിൽ റസാക്കിന്റെ മരണത്തിനിടയായ സംഭവം.

*342. [16] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഹോംഗാർഡ് ദിനാചരണത്തിൽ അഗ്നിക്കിരയായി മൃതിയടഞ്ഞ അബ്ദുൾ റസാക്കിന്റെ കുടുംബത്തിനു ഇതുവരെയായി നൽകിയിട്ടുള്ള സഹായധനത്തിന്റെ വിവരം വെളിപ്പെടുത്തുമോ ;

(ബി) റസാക്കിന്റെ മരണത്തിനിടയായ സംഭവത്തെക്കുറിച്ചു് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിവരം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) ;

(എ) അബ്ദുൾ റസാക്കിന്റെ വിധവയ്ക്കു 3,000 രൂപ എക്സ് ഗ്രേഷ്യാ ഗ്രാന്റു അനുവദിച്ചു. അതിനുശേഷം, വക്കു മെൻസ് കാമ്പൻസേഷൻ ആക്ടറനുസരിച്ചു്, കാമ്പൻസേഷനു് അർഹതയുണ്ടെന്നു കാണുകയാണെങ്കിൽ, കാമ്പൻസേഷൻ നൽകുന്നതിനുവേണ്ടി 7,000 രൂപ വർക്കുമെൻസ് കാമ്പൻസേഷൻ കമ്മിഷണരെ ഏല്പിക്കാൻ അനുവാദം നൽകിയിട്ടുണ്ടു്. വക്കുമെൻസ് കാമ്പൻസേഷൻ ആക്ടറു അനുസരിച്ചു് കൊടുക്കാവുന്ന തുക തിട്ടപ്പെടുത്തുന്നതുവരെ എക്സ്ഗ്രേഷ്യാ ഗ്രാന്റു് നിറുത്തിവച്ചിരിക്കുകയാണു്. ഇതിനുപുറമേ ഹോംഗാർഡ്സു് സംഘടനയും, ഫയർഫോഴ്സു് സംഘടനയുംചേർന്നു താഴെ പറയുന്ന സഹായങ്ങളും നൽകിയിട്ടുണ്ടു് :

(1) മരണാനന്തരമുള്ള ചെലവുകൾക്കായി 275 രൂപ നൽകി.

(2) 3–11–1963–ൽ 1,001 രൂപ അബ്ദുൾ റസാക്കിന്റെ വിധവയ്ക്കു നൽകി.

(3) 5,000 രൂപയുടെ എൻഡോവ്മെൻറു പൂർത്തിയാക്കുന്നതുവരെ പ്രതിമാസം 50 രൂപ വീതം അബ്ദുൾ റസാക്കിന്റെ വിധവയ്ക്കു നൽകുന്നതാണു്,

(ബി, സി) റസാക്കിന്റെ മരണത്തിനിടയായ സംഭവത്തെക്കുറിച്ചു് അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ റവന്യൂ ബോർഡ് ഒന്നാം മെമ്പറെ ഗവണ്മെൻറു നിയോഗിക്കുകയും, അദ്ദേഹം ഈ മാസം 10-ാം തീയതി റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. പ്രസ്തുത റിപ്പോർട്ടു ഗവണ്മെൻറിന്റെ പരിഗണനയിലാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : അങ്ങനെ ജീവാപായം നേരിട്ടതു് ഫയർ എൻജിൻ വേണ്ടതുപോലെ വക്കുചെയ്യാതിരുന്നതുകൊണ്ടാണെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ അതിന്റെ എല്ലാ വശങ്ങളെപ്പറ്റിയും അന്വേഷണം നടത്തി ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടു ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ, അതിനെപ്പറ്റി ഇപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : ഒരാൾക്ക ജീവാപായം സംഭവിച്ച എന്ന പറഞ്ഞു. ആർക്കെങ്കിലും പരിക്കുപറ്റിയിട്ടുണ്ടോ ? ഈ പ്രകടനങ്ങൾ ആർഗനൈസുചെയ്തിരുന്നത് ആരായിരുന്നു ?

ശ്രീ. ആർ. ശങ്കർ : ഇവിടത്തെ ഫയർ സർവ്വീസു സ്റ്റാഫ് ആർഗനൈസു ചെയ്തതാണു'. വേറെ ആക്ഷം പറയത്തക്ക അപകടം പറ്റിയിട്ടില്ല.

ക്ഷയരോഗികൾക്ക നൽകുന്ന ധനസഹായപദ്ധതി.

* 343. [2] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷയരോഗബാധിതർക്ക സഹായധനം നൽകുന്ന പദ്ധതി അനുസരിച്ച ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകർക്ക് സഹായം നൽകിയെന്നും വിവരമടങ്ങിയ സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വയ്ക്കുമോ ;

(ബി) അപേക്ഷകരുടെ കാര്യത്തിൽ ഡാക്ടർമാർ നൽകിയ സർട്ടിഫിക്കറ്റുകളെപ്പറ്റി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(സി) അവയുടെ സ്വഭാവമെന്താണ് ;

(ഡി) ഈ പരാതികളിന്മേൽ അന്വേഷണം നടത്തിയതിന്റെ ഫലമായി രോഗരഹിതരെന്നു വിധിക്കപ്പെട്ട കേസുകളിൽ രോഗികളാണെന്നു തെളിഞ്ഞ എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട് ;

(ഈ) അത്തരം കേസുകളിൽ തെറ്റായി റിപ്പോർട്ട നൽകിയവർക്കെതിരായി നടപടികൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ ?

മി. സ്പീക്കർ : (എ) വിഭാഗത്തിനു മുൻപു മറുപടി പറഞ്ഞിട്ടുണ്ട്.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(ബി) പരാതി ഒന്നും ലഭിച്ചിട്ടില്ല.

(സി, ഡി, ഈ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : യഥാർത്ഥ ക്ഷയരോഗികളെ പരിശോധിച്ചതിൽ ക്ഷയരോഗികളല്ല എന്നു സർട്ടിഫൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ആനുകൂല്യം നിഷേധിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ളവർക്ക് വീണ്ടും ഡിസ്ട്രിക്റ്റ് മെഡിക്കൽ ആഫീസറുടെ പരിശോധനയ്ക്കുശേഷം, ആദ്യത്തെ തീരുമാനം ശരിയല്ലെങ്കിൽ ആ തീരുമാനത്തിനെതിരായി തീരുമാനം എടുക്കുന്നതിനു വല്ല ഏർപ്പാടും ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു ഡംസിൽതന്നെ അപ്പീൽ പ്രൊവിഷൻ ഉണ്ട്. ഏതെങ്കിലും ഡാക്ടർ രോഗിയല്ലെന്നു സർട്ടിഫൈ ചെയ്താൽ, അതിന്മേൽ പരാതിപ്പെട്ടാൽ വീണ്ടും ഒരു സിവിൽ സർജൻമുഖേന പരിശോധിച്ചു വേണ്ട നടപടി നടത്താനുള്ള അപ്പീൽ പ്രൊവിഷൻ ഉപയോഗിക്കാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കാര്യത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻപു പറഞ്ഞിട്ടുണ്ട്, എല്ലാ ടി. ബി. ക്ലിനിക്കുകളിലും എക്സ്റേ ഇല്ലാത്തതുകൊണ്ട് പരിശോധനയ്ക്കു വേണ്ടിടത്തോളം സൗകര്യമില്ലെന്ന്. വളരെയധികം രോഗികൾവരുന്ന ടി. ബി. ക്ലിനിക്കുകളിൽ പരിശോധനയ്ക്കു വേണ്ട ഉപകരണങ്ങൾ ഇല്ലാത്തതുകൊണ്ട് പരിശോധന ശരിയായി നടത്താനുള്ള സൗകര്യം ചെയ്തുകൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഏതു സ്ഥലത്താണ ഇപ്പോൾ പ്രത്യേകം ബുദ്ധിമുട്ടുള്ളതെന്നു വ്യക്തമാക്കിയാൽ ആ കാര്യം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly